**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 545 06/02/2013 ൽ മറുപടിയ്ക്ക്

മലിനീകരണ നിയന്ത്രണ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി ഗീതാ ഗോപി | സി.എൻ ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി) |
| (എ) മലിനീകരണ നിയന്ത്രണ വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം ; നിലവിലുള്ള മലിനീകരണ നിയന്ത്രണാധികാരങ്ങൾ പര്യാപ്തമാണോ ; | (എ) ജലം, വായു, പരിസ്ഥിതി നിയമങ്ങളും അനുബന്ധചട്ടങ്ങളും പ്രകാരമുളള അനുമതികൾ / ആതറൈസേഷനുകൾ/ രജിസ്ട്രേഷനുകൾ എന്നിവ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്കു നൽകുക, വ്യവസായ സ്ഥാപനങ്ങളെ / മലിനീകരണ സാധ്യതയുളള സ്ഥാപനങ്ങളെ ബോർഡിന്റെ അനുമതി പരിധിയിൽ കൊണ്ടുവരിക, അവയിൽ നിന്നുമുളള മലിനീകരണം നിയന്ത്രിക്കുന്നതിനുളള നടപടികൾ സ്വീകരിക്കുക, അവയുടെ പരിപാലനം മോണിറ്റർ ചെയ്യുക, മലിനീകരണ നിയന്ത്രണ നടപടികൾ സ്വീകരിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുക, ജലം-വായു ഗുണ നിലവാരം (ambient water and air quality) മോണിറ്റർ ചെയ്യുക എന്നിവ ബോർഡിന്റെ പ്രധാന പ്രവർത്തനങ്ങളിൽപ്പെടുന്നു. നിലവിലുളള മലിനീകരണ നിയന്ത്രണാധികാരങ്ങൾ പര്യാപ്തമാണ്. |
| (ബി) വ്യാപകമായികൊണ്ടിരിക്കുന്ന പൊതുനിരത്തുകളിലെ മാലിന്യ നിക്ഷേപങ്ങൾ തടയുന്നതിന് എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയും ; | (ബി) കേന്ദ്ര സർക്കാർ പരിസ്ഥിതി നിയമപ്രകാരം വിജ്ഞാപനം ചെയ്ത മുനിസിപ്പൽ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ പ്രകാരം ഖരമാലിന്യ സംസ്കരണത്തിനായി സംവിധാനം ഏർപ്പെടുത്തി പ്രവർത്തിപ്പിക്കേണ്ട ഉത്തരവാദിത്തം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടേതാണ്. ഇതിനായി പ്ലാന്റുകൾ |

സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ബോർഡിന്റെ അനുമതി ആവശ്യമാണ്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ തങ്ങളുടെ പ്രദേശത്ത് ഉണ്ടാകുന്ന ഖരമാലിന്യങ്ങളും പ്ലാസ്റ്റിക്ക് മാലിന്യങ്ങളും മറ്റും വേർതിരിച്ച് ശേഖരിച്ച് സംസ്കരിക്കുന്നതിന് തൃപ്തികരമായ സംവിധാനം ഏർപ്പെടുത്തുകയും അവ കുറ്റമറ്റ രീതിയിൽ പ്രവർത്തിപ്പിക്കുകയും ചെയ്തെങ്കിൽ മാത്രമേ പൊതുനിരത്തുകളിൽ ഇവ നിക്ഷേപിക്കുന്നത് ഒഴിവാകുകയുള്ളൂ. ഖരമാലിന്യം ഉറവിടങ്ങളിൽ / സ്ഥാപനങ്ങളിൽ സംസ്കരിക്കുവാൻ സാഹചര്യമില്ലാത്തവർക്കും, പൊതു ചന്തകൾക്കും മറ്റും ഇത്തരത്തിലുള്ള പൊതു പ്ലാന്റുകൾ അനിവാര്യമാണ്. സ്ഥലസൗകര്യമുള്ള വീടുകളിൽ / സ്ഥാപനങ്ങളിൽ ഖരമാലിന്യം സ്വന്തമായി സംസ്കരിക്കുന്നതിന് സൗകര്യം ഉണ്ടാക്കാവുന്നതാണ്. ഇത്തരത്തിൽ നടപടി ബന്ധപ്പെട്ടവർ സ്വീകരിച്ചാൽ പൊതുനിരത്തിൽ മാലിന്യം നിക്ഷേപി ക്കുന്നത് തടയുവാൻ സാധിക്കും. എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും വികസന പ്രവർത്തനങ്ങൾക്കു തുടക്കമിടുന്നതിന് മുമ്പ് ഇതിനാലുണ്ടാകുന്ന മാലിന്യങ്ങൾ ചട്ടപ്രകാരം നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കേണ്ടതാണ്. പ്രത്യേകിച്ച് അറവുശാലകൾ, ഖരമാലിന്യനിർമ്മാർജ്ജന ശാലകൾ എന്നിവ മലിനീകരണ നിയന്ത്രണസംവിധാനങ്ങൾ ഇല്ലാതെ നടപ്പാക്കിയാൽ ബന്ധപ്പെട്ടവർക്കെതിരെ പ്രോസിക്ക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതാണെന്നും സർക്കാർ ഉത്തരവായിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | വ്യവസായങ്ങൾ വഴിയുള്ള മാലിന്യവൽക്കരണം ഫലപ്രദമായി തടയുവാൻ കഴിയുമോയെന്നറിയിക്കുമോ ? | (സി) | ജലം, വായു, പരിസ്ഥിതി നിയമങ്ങളും അനുബന്ധചട്ടങ്ങളും പ്രകാരമുള്ള ബോർഡിന്റെ പ്രവർത്തനത്തിലൂടെ വ്യവസായങ്ങൾ വഴിയുള്ള മാലിന്യങ്ങൾ ഫലപ്രദമായി നിയന്ത്രിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ